കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വട്ടിയൂർക്കാവ് അസംബ്ലി നിയോജക മണ്ഡലം - ഭരണാനുമതി ലഭ്യമായ തുക പൊതുമരാമത്ത് വകുപ്പിന് ഡെപ്പോസിറ്റ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ.3841/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 28/11/2017

---

പരാമർശം :- (1) 18.05.2017 ലെ ജി.ഒ.(ആർ.റ്റി.) നം. 1624/2017/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

(2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 15.09.2017 ലെ ഡിബി1/11478/2017/സിഇ/തസ്വഭവ നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം വട്ടിയൂർക്കാവ് അസംബ്ലി നിയോജകമണ്ഡലത്തിന്റെ ആസ്തി വികസന പദ്ധതി പ്രകാരം നടപ്പാക്കേണ്ട പ്രവൃത്തിയായ "മെഡിക്കൽ കോളേജ് - പി.ടി.ചാക്കോ റോഡിനായി" 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

2. ടി പ്രവൃത്തിക്ക് വേണ്ടി അനുവദിച്ച തുക പൊതുമരാമത്ത് വകുപ്പിന് ഡെപ്പോസിറ്റ് ചെയ്യുന്നതിന് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആവശ്യപ്പെട്ടിട്ടുണ്ടെന്നും, എന്നാൽ ടി പ്രവൃത്തി പൊതുമരാമത്ത് മുഖാന്തിരം ഡെപ്പോസിറ്റ് വർക്കായിട്ട് നടപ്പാക്കുന്നതിന് ഭരണാനുമതി ഉത്തരവിൽ നിർദ്ദേശം ഇല്ലാത്തതിനാൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് കഴിയാത്ത സാഹചര്യമായതിനാൽ, പ്രവൃത്തി പൊതുമരാമത്ത് മുഖാന്തിരം ഡെപ്പോസിറ്റ് വർക്കായിട്ട് നടപ്പാക്കുന്നതിന് ഉത്തരവ് ഉണ്ടാകണമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, വട്ടിയൂർക്കാവ് അസംബ്ലി നിയോജകമണ്ഡലത്തിന്റെ ആസ്തി വികസന പദ്ധതി പ്രകാരം നടപ്പാക്കേണ്ട പ്രവൃത്തിയായ "മെഡിക്കൽ കോളേജ്-പി.ടി.ചാക്കോ റോഡിന്റെ" നിർവ്വഹണം പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കുന്നതിന് അംഗീകാരം നൽകി ഉത്തരവാകുന്നു. പരാമർശത്തിലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,<br>
മിനിമോൾ.ഡി<br>
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ.കെ.മുരളീധരൻ എം.എൽ.എ., വട്ടിയൂർക്കാവ് അസംബ്ലി നിയോജക മണ്ഡലം.<br>
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വകുപ്പ്.<br>
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.<br>
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.<br>
സെക്രട്ടറി, തിരുവനന്തപുരം നഗരസഭ.<br>
ധനകാര്യ വകുപ്പ്.<br>
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)<br>
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.<br>
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ